**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4510** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ മൊത്തം വായ്പയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും/ബാങ്കും മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ നൽകിയിരിക്കണമെന്നും, ആയത് 40 ശതമാനമായി ഉയർത്തുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം നാളിതുവരെ കാർഷിക വായ്പ വിതരണത്തിൽ 10.61 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. കാർഷിക വായ്പക്ക് ആവശ്യമായ കർഷകർ/കാർഷിക ഗ്രൂപ്പുകളുടെയും അപേക്ഷകളുടെ കുറവാണ് വായ്പ വിതരണത്തിൽ കുറവ് വന്നതിനു കാരണം. |
| (ബി) | 2022-23 സാമ്പത്തിക വർഷം ഇതിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്നും വായ്പ ശതമാനം കുറയാനുണ്ടായ കാരണമെന്തെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും/ബാങ്കും മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ കാർഷിക വായ്പ നൽകിയിരിക്കണമെന്നും, ആയത് 40 ശതമാനമായി ഉയർത്തുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം നാളിതുവരെ കാർഷിക വായ്പ വിതരണത്തിൽ 10.61 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. കാർഷിക വായ്പക്ക് ആവശ്യമായ കർഷകർ/കാർഷിക ഗ്രൂപ്പുകളുടെയും അപേക്ഷകളുടെ കുറവാണ് വായ്പ വിതരണത്തിൽ കുറവ് വന്നതിനു കാരണം. |

സെക്ഷൻ ഓഫീസർ